"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് — സംസ്ഥാന ഭക്ഷ്യക്കമ്മീഷൻ ഓഫീസിന്റെ ഔദ്യോഗികാവശ്യത്തിന് ഇലക്ട്രിക് വാഹനത്തിനു പകരം കരാർ വാഹനം വാടകയ്ക്കെടുത്ത നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.213/2024/F&CS തീയതി,തിരുവനന്തപുരം, 29-07-2024

---

പരാമർശം:-

1. 07.05.2021-ലെ ബി3/10/2020-ഭ.പൊ.വി.വ നമ്പർ കത്ത്.
2. 24.08.2021-ലെ സംസ്ഥാന ഭക്ഷ്യക്കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ(എസ്.എഫ്.സി) എ-518/2021 നം.നടപടിക്രമം.
3. 18.03.2024-ലെ സംസ്ഥാന ഭക്ഷ്യക്കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ (എസ്.എഫ്.സി) എ-3/2020 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാന ഭക്ഷ്യക്കമ്മീഷൻ ഓഫീസിന്റെ ഔദ്യോഗികാവശ്യത്തിനായി, അനെർട്ട് മുഖേന ഇലക്ട്രിക് വാഹനം വാടകയ്ക്കെടുക്കുന്നതിന് പരാമർശം (1) പ്രകാരം നിർദ്ദേശം നൽ കിയെങ്കിലും കമ്മീഷൻ പ്രവർത്തിക്കുന്ന ലീഗൽ മെട്രോളജി ഭവനിൽ പ്രസ്തുത വാഹനത്തിനുള്ള ചാർജ്ജിംഗ് പോയിന്റ് സജ്ജീകരി ച്ചിട്ടില്ലാത്തതിനാൽ, പരാമർശം (2) പ്രകാരം കരാർ വാഹനം വാടകയ്ക്കെടുക്കുകയും, പരാമർശം (3) പ്രകാരം അതിനുള്ള വിശദീകരണം സംസ്ഥാന ഭക്ഷ്യക്കമ്മീഷൻ മെമ്പർ സെക്രട്ടറി ലഭ്യമാക്കുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭക്ഷ്യക്കമ്മീഷൻ മെമ്പർസെക്രട്ടറിയുടെ വിശദീകരണം പരിഗണിച്ച്, അനെർട്ട് മുഖേന ഇലക്ട്രിക് വാഹനം വാടയ്ക്കെടുക്കണമെന്ന സർക്കാർ നിർദേശത്തിനു വിരുദ്ധമായി കരാർ വാഹനം വാടകയ്ക്കെടുത്ത ഭക്ഷ്യക്കമ്മീഷൻ മെമ്പർസെക്രട്ടറിയുടെ പരാമർശം (2) പ്രകാരമുള്ള നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജിത് കുമാർ ഐ എ എസ്

സെക്രട്ടറി

1. മെമ്പർ സെക്രട്ടറി, സംസ്ഥാന ഭക്ഷ്യക്കമ്മീഷൻ, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) തിരുവനന്തപുരം.

3.ധനകാര്യ വകുപ്പ് (E: 2742224/ Agri-C2/57/2024-FIN FIN(Agri-C)DEPARTMENT dated 18.7.2024 പ്രകാരം )

4.വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് ആൻഡ് ന്യൂ മീഡിയ )
5. കരുതൽ ഫയൽ(ബി3/45/2024-ഭ.പൊ.വി.വ)

ഉത്തരവിൻ പ്രകാരം
Signed by
Sneha S Nair
Date: 31-07-2024 13:25:10
സെക്ഷൻ ഓഫീസർ

ബഹു. ഭക്ഷ്യ വകുപ്പ മന്ത്രിയുടെ പി.എസ്-ന്
ഭക്ഷ്യ വകുപ്പ സെക്രട്ടറിയുടെ പി.എ-യ്ക്ക്
ഭക്ഷ്യ വകുപ്പ ജോയിന്റ് സെക്രട്ടറിയുടെ സി.എയ്ക്ക്
ഭക്ഷ്യ വകുപ്പ ഡെപ്യൂട്ടി സെക്രട്ടറിക്ക്.